## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2824 — 02.04.2013- ൽ മറുപടിക്ക്

### ആറ്റിങ്ങൽ മണ്ഡലത്തിൽ 2011-12, 2012-13 വർഷങ്ങളിൽ വേനൽക്കാലത്തെ കുടിവെള്ള വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ 2011-12, 2012-13 വർഷങ്ങളിൽ വേനൽക്കാലത്ത് പഞ്ചായത്തുകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കുമോ ; | (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ 2011-12, കാലയളവിൽ വേനൽക്കാലത്ത് കുടിവെള്ള വിതരണം നടത്തിയതിന് തുക ചെലവഴിച്ചിട്ടില്ല. 2012-13 കാലയളവിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് 79,200/- രൂപ കുടിവെള്ള വിതരണത്തിന് ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | താലൂക്കടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) | താലൂക്ക് — തുക<br>തിരുവനന്തപുരം — ₹3,99,390/-<br>ചിറയിൻകീഴ് — ₹18,620/-<br>നെയ്യാറ്റിൻകര — ₹1,11,600/-<br>നെടുമങ്ങാട് — ₹6,61,58,360/- |
| (സി) | വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയ്ക്ക് എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വരൾച്ചയെ നേരിടുന്നതിനായി കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവ നവീകരിക്കുവാൻ എന്തു തുക വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; | (സി) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർ തുക അനുവദിച്ചിട്ടില്ല. |
| (ഡി) | വേനൽക്കാലത്ത് കുടിവെള്ളം വിതരണം ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള റവന്യൂ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | തഹസിൽദാർ |

സെക്ഷൻ ഓഫീസർ